# ചെയർമാൻ ,ജില്ലാദുരന്തനിവാരണ അതോറിറ്റി & ജില്ലാകലക്ടർ,കോഴിക്കോടിൻെറ നടപടി ക്രമം

(ഹാജർ -എസ് സാംബശിവറാവു ഐ എ എസ്)

വിഷയം :കോവിഡ് 19(കൊറോണ വൈറസ് )രോഗബാധ വ്യാപനം തടയുന്നത്- സോഷ്യൽ ഡിസ്റ്റൻസിങ് ടീമിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള ഉത്തരവ്

സൂചന : 1) കേന്ദ്രആഭ്യന്തര മന്ത്രാലയത്തിന്റെ 01/05/2020 തിയ്യതിയിലെ 40-3/2020-ഡിഎം -1(എ) നമ്പർ ഉത്തരവ്.

2)ജി.ഒ.(എം.എസ്) 85/2020 ജിഎഡി നമ്പർ സർക്കാർ ഉത്തരവ് - തിയ്യതി . 02/05/2020.

3).22/4/2020 ലെ എസ്.എസ്1/91/2020 പൊ.ഭ.വ സർക്കുലർ

4).4/5/2020 ലെ സർക്കാർ ഉത്തരവ് നമ്പർ 85/2020/ പൊ.ഭ.വ

*************************************************************************************

**ഉത്തരവ് നമ്പർ :DCKKD/2803/2020/F3(2) Dated :04/05/2020**

*************************************************************************************

സംസ്ഥാനമൊട്ടാകെ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയ സാഹചര്യത്തിലും ജില്ല ഓറഞ്ച് സോണിൽ ഉൾപ്പെട്ടതിനാലും ജില്ലയിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ജില്ലയിലെ നിയന്ത്രണങ്ങളിൽ ഇളവുകൾ കൊണ്ട് വന്നെങ്കിലും പൊതുജനങ്ങൾ അതീവ ജാഗ്രതയോടെ പെരുമാറേണ്ട സാഹചര്യം നിലവിലുണ്ട്. വ്യക്തികൾ സാമൂഹ്യ അകലം പാലിക്കുകയും ബ്രേക്ക് ദി ചെയിൻ ക്യാമ്പയിന്റെ ഭാഗമായുള്ള നിഷ്കർഷകൾ പാലിക്കുകയും ചെയ്യേണ്ടതാണ്. വ്യക്തികൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പ വരുത്തുവാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഓരോ വാർഡ്തല സോഷ്യൽ ഡിസ്റ്റൻസിങ് എൻഫോഴ്സ്മെന്റ് ടീം രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിലെ ഉദ്യോഗസ്ഥരും രണ്ടു വളണ്ടിയർമാരും അടങ്ങുന്ന ടീമാണ് ടി ടീമിൽ ഉൾപ്പെടുത്തേണ്ടത്. ഈ ടീമിന്റെ രൂപീകരണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുടെ ചുമതല ആയിരിക്കും.

ഈ ടീമിന്റെ പ്രവർത്തനങ്ങളുടെ ഏകോപനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ RRT ടീമിനായിരിക്കും . RRT മീറ്റിംഗിൽ വില്ലേജ് ഓഫീസറും SHO /SI നിർബന്ധമായും സംബന്ധിക്കേണ്ടതാണ് . സോഷ്യൽ ഡിസ്റ്റൻസിങ് ടീമിന്റെ പ്രവത്തനങ്ങൾ താഴെ പറയും പ്രകാരം ആണ് .

1. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വ്യക്തികൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും ആളുകൾ കൂട്ടം കൂടി നിൽക്കുന്നില്ലെന്നും ഉറപ്പ വരുത്തുക.
2. എല്ലാ വ്യാപാരസ്ഥാപങ്ങളിലും കൈ കഴുകുവാനുള്ള സൗകര്യം അഥവാ ഹാൻഡ് സാനിറ്റൈസർ ലഭ്യമാക്കേണ്ടതാണ്.
3. സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും പുറത്തു നിന്ന് വരുന്നവരും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ്. മാസ്ക് ധരിക്കാതെ പൊതു സ്ഥലങ്ങളിൽ വ്യക്തികൾ വരുന്നില്ലെന്ന് ഉറപ്പ വരുത്തേണ്ടതാണ് .ആയതു ശിക്ഷാർഹമാണെന്ന് ബോധ്യപ്പെടുത്തേണ്ടതാണ് .
4. ആളുകൾ പൊതുസ്ഥലങ്ങളിൽ തുപ്പുന്നില്ലെന്നും വ്യക്തിശുചിത്വം പാലിക്കുന്നുണ്ടെന്നും ഉറപ്പ വരുത്തേണ്ടതാണ് .

5. വ്യക്തികൾ അനാവശ്യമായി വീടിനു പുറത്തേക്കിറങ്ങുന്നതും പൊതുസ്ഥലങ്ങളിൽ അനാവശ്യമായി കൂട്ടം കൂടുന്നതും അനുവദിക്കരുത്.
6. ആളുകൾ അനാവശ്യമായി പുറത്തിറങ്ങുന്നതോ നൽകിയിരിക്കുന്ന നിർദേശങ്ങൾ ലംഘിക്കുകയോ ചെയ്താൽ പൊതുജനങ്ങൾക്ക് "covid19jagratha" പോർട്ടലിൽ public service ടാബിന് കീഴിൽ report offence എന്ന ടാബിൽ ചിത്രം സഹിതം പരാതികൾ നൽകാവുന്നതാണ്.
7. സോഷ്യൽ ഡിസ്റ്റൻസ് എൻഫോഴ്സ്മെന്റ് ടീമിന്റെ പ്രവർത്തനം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ ചുമതല ആണ്. ഡി ഡി പഞ്ചായത്ത്, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറി എന്നിവർ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും ഈ ടീമിന്റെ പ്രവർത്തനത്തിൽ യാതൊരു വീഴ്ച ഉണ്ടാകുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.
8. താലൂക്ക് തല നോഡൽ ഓഫീസർമാരായ സബ്കളക്ടർ ,ആർ.ഡി.ഒ വടകര .ഡെപ്യൂട്ടി കളക്ടർ എൽ ആർ , ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ ) എന്നിവർ തങ്ങളുടെ താലൂക്ക് പരിധികളിൽ നിയമലംഘനം നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .
9. കേരളാ മുൻസിപ്പൽ ആക്ട് സെക്ഷൻ 440 -ാം വകുപ്പ് / പഞ്ചായത്തീ രാജ് ആക്ട് 219 പ്രകാരം. പൊതു സ്ഥലങ്ങളിൽ മാസ്ക് ധരിക്കാത്തവരിൽ നിന്നും പിഴ ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടിമാർ ,ഹെൽത്ത് ഇൻസ്പെക്ടർമാർക്കോ , ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കോ ചുമതല നൽകാവുന്നതാണ് .ഇങ്ങനെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ മാസ്ക് ധരിക്കാത്ത വ്യക്തികൾക്ക് നോട്ടീസ് നൽകി പിഴ ഈടാക്കേണ്ടതാണ് .

Sambath (signature)

ജില്ലാകളക്ടർ

പകർപ്പ് :

1. ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ,കോഴിക്കോട് –--എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിനായി
2. എല്ലാ നോഡൽ ഓഫീസർമാർക്കും
3. തഹസിൽദാർ ,കോഴിക്കോട് ,കൊയിലാണ്ടി ,വടകര ,താമരശ്ശേരി
4. ജില്ലാപോലീസ് മേധാവി ,കോഴിക്കാട് സിറ്റി /റൂറൽ
5. സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ
6. എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും